വകുപ്പിന്റെ ശ്രദ്ധയിൽ ഈ വിവരങ്ങളെല്ലാം കൊണ്ടുവന്നിട്ടുണ്ട്. മന്ത്രിസഭ തന്നെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന് കൊടുത്ത നിവേദനവും കാലാവസ്ഥാ വ്യതിയാനം ഇതിന് ഒരു പ്രധാന ഘടകമാണെന്നും കൂടി കണക്കിലെടുത്തുകൊണ്ട് കേന്ദ്ര സംഘം കേരളത്തിലേക്ക് വരാൻ തീരുമാനിച്ചത് അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല സംഘം കേരളത്തിൽ വരികയാണ്. ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ഈ സ്ഥലങ്ങൾ സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിലുള്ള ചർച്ചയുണ്ട്. സംഘം അവരുടെ പ്രദേശങ്ങൾ സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട എംഎൽഎ-മാർ ബന്ധപ്പെടണം. കാര്യങ്ങൾ അവരെ നല്ലവണ്ണം ബോധ്യപ്പെടുത്തി കൂടുതൽ സഹായം കേന്ദ്രത്തിൽനിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സ്റ്റേറ്റ് ഗവൺമെന്റിന്റെ മാനദണ്ഡത്തിൽ ചെയ്യാവുന്ന കാര്യങ്ങൾക്ക് ഉത്തരവ് കൊടുത്തിട്ടുണ്ട്. ശ്രീ. പി.സി. ജോർജ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു യോഗം വിളിച്ചുകൂട്ടാം.

(9) പുഴിക്കുന്നിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. ആർ. സെൽവരാജ് : സർ, പാറശ്ശാല മണ്ഡലത്തിൽ ഉദിയൻകുളങ്ങര പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.-യുടെ ഓഫീസിന്റെ പരിധിയിൽ 25,000-ൽ അധികം കൺസ്യൂമേഴ്സുണ്ട്. വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലായി 40 കിലോമീറ്ററിലധികം ദൂരപരിധിയുമുണ്ട്. ഉദിയൻകുളങ്ങരയിൽ ഉപഭോക്താക്കൾക്ക് ഇപ്പോൾ എത്തിച്ചേരാൻ ഉണ്ടാകുന്ന പ്രയാസം ഒഴിവാക്കുന്നതിന് ചെങ്കൽ പഞ്ചായത്തിലെ പുഴിക്കുന്ന് എന്ന സ്ഥലത്ത് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നത് ഗുണകരമായിരിക്കും. അധിക ബാധ്യതയില്ലാതെ ഉദിയൻകുളങ്ങര ഓഫീസിൽനിന്നു തന്നെ ജീവനക്കാരേയും എടുക്കാവുന്നതാണ്. ഓഫീസ് മന്ദിരം സൗജന്യമായി വിട്ടു കൊടുക്കുന്നതിന് റെസിഡൻസ് അസോസിയേഷനും അതുപോലെതന്നെ പഞ്ചായത്ത് ഭരണ സമിതിയും തയ്യാറാണ്.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ കെ. ബാലൻ) : സർ, ഉപഭോക്താക്കളുടെ എണ്ണവും സെക്ഷന്റെ വിസ്തൃതിയും പ്രത്യേക ഭൂപ്രകൃതിയും കണക്കിലെടുത്താണ് സെക്ഷനുകൾ വിഭജിക്കുന്നത്. 25,000 ഉപഭോക്താക്കളും നൂറു ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുമുള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ഉദിയൻകുളങ്ങര സെക്ഷൻ വിഭജിച്ച് പുഴിക്കുന്ന് കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ അനുവദിക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെടുന്നത്. എന്നാൽ ഉദിയൻകുളങ്ങര സെക്ഷന് നിലവിൽ 50 ചതുരശ്ര കിലോമീറ്റർ വിസ്തൃതി മാത്രമാണ് ഉള്ളത്. ഇവിടെ നിലവിൽ 23,000 ഉപഭോക്താക്കളാണുള്ളത്. നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഇപ്പോൾ ഈ സെക്ഷൻ വിഭജിക്കാൻ സാധിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly